പട്ടികജാതി-വർഗ്ഗ വിഭാഗക്കാരായ രോഗികളുടെ ചികിത്സയ്ക്ക് അനുവദിച്ച തുക

138 (4201) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-വർഗ്ഗ വിഭാഗക്കാരായ രോഗികളുടെ ചികിത്സയ്ക്ക് കഴിഞ്ഞ നാലുവർഷമായി എത്ര രൂപ അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര രൂപയാണ് ഇതിനായി ആകെ അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) തൃശ്ശൂർ ജില്ലയിലെ 14 നിയോജകമണ്ഡലത്തിലെ എം.എൽ.എ. മാരുടെ ശുപാർശ അനുസരിച്ച് ഓരോ മണ്ഡലത്തിലും എത്രപേർക്ക് എത്ര രൂപ ഈ സർക്കാർ ചികിത്സാ സഹായം നൽകി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ നാലുവർഷം കൊണ്ട് പട്ടികജാതിവിഭാഗത്തിൽപ്പെട്ട രോഗികളുടെ ചികിത്സയ്ക്കായി 16,26,18,011 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികളുടെ ചികിത്സയ്ക്കായി 3,13,81,000 രൂപയും അനുവദിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവിഭാഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 77186 പേർക്ക് 7.31 കോടി രൂപയുടെ ചികിത്സാസഹായം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതിവിഭാഗത്തിൽപ്പെട്ട രോഗികളുടെ ചികിത്സയ്ക്കായി 4,69,99,427 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികളുടെ ചികിത്സയ്ക്കായി 1,33,93,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പട്ടികജാതിക്കാരായ അപേക്ഷകരുടെ വിവരം ചുവടെ ചേർക്കുന്നു :

ക്രമനമ്പർ	മണ്ഡലം	എണ്ണം	തുക
(1)	(2)	(3)	(4)
1.	ചേലക്കര	448	18,35,500
2.	വടക്കാഞ്ചേരി	198	10,34,947
3.	കുന്നംകുളം	196	10,93,546
4.	ചേർപ്പ്	179	10,98,500
5.	തൃശ്ശൂർ	45	2,75,500
6.	ഒല്ലൂർ	56	3,01,500

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
7.	കൊടകര	106	7,75,501
8.	ചാലക്കുടി	338	15,51,500
9.	മാള	195	9,88,500
10.	ഇരിങ്ങാലക്കുട	349	16,96,553
11.	മണലൂർ	277	11,09,500
12.	ഗുരുവായൂർ	126	6,82,500
13.	നാട്ടിക	264	12,29,000
14.	കൊടുങ്ങല്ലൂർ	135	6,65,500
	ആകെ	2912	1,43,38,047

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകരുടെ വിവരം ശേഖരിച്ചുവരുന്നു.

കുന്നംകുളം നിയോജകമണ്ഡലത്തിൽ രോഗികൾക്ക് ചികിത്സാസഹായം

139 (4202) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കുന്നംകുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ രോഗികൾക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട് ;

(ബി) ആകെ എത്ര രൂപയാണ് ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര അപേക്ഷകളിൽ തീർപ്പു കൽപ്പിക്കാനുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 295 പേർക്ക് ചികിത്സാധന സഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടില്ല.

(ബി) 16,18,796 രൂപ (പതിനാറ് ലക്ഷത്തി പതിനെണ്ണായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റാറ് രൂപ)

(സി) ഒരു അപേക്ഷയിൽ തീർപ്പു കൽപ്പിക്കാനുണ്ട്. ശ്രീ. ചങ്ങൻ സി.സി., ചക്കാണ്ട വളപ്പിൽ വീട്, പെങ്ങാമുക്ക് പി. ഒ., എന്നയാളുടെ അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly